# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2664 — 14.02.2013-ൽ മറുപടിക്ക്

### ഹൈപ്പർ ടെൻഷൻ രോഗികൾക്ക് സൗജന്യമരുന്ന്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>,, പാലോട് രവി :<br>,, എം. പി. വിൻസെന്റ് :<br>,, ഷാഫി പറമ്പിൽ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഹൈപ്പർ ടെൻഷൻ രോഗികൾക്ക് സൗജന്യമരുന്ന് നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. ഹൈപ്പർ ടെൻഷൻ രോഗികൾക്കും മറ്റ് ജീവിത ശൈലീരോഗ ബാധിതർക്കും അമൃതം - ആരോഗ്യം എന്ന ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി മരുന്ന് സൗജന്യമായി നൽകി വരുന്നു. ആരോഗ്യ വകുപ്പിലേയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലേയും, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലേയും, മറ്റ് പ്രശസ്ത ആരോഗ്യ സ്ഥാപനങ്ങളിലേയും വിദഗ്ധരെ ഉൾപ്പെടുത്തി തയ്യാറാക്കിയ ഒരു ചികിത്സാമാർഗ്ഗ രേഖയുടെ അടിസ്ഥാനത്തിൽ 12 (പന്ത്രണ്ട്) ഇനം മരുന്നുകളാണ് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (കെ.എം.എസ്.സി.എൽ) വഴി സംഭരിച്ചിട്ടുള്ളത്. |
| (ബി) ഏതെല്ലാം ആശുപത്രികൾ വഴിയാണ് മരുന്നുകൾ വിതരണം ചെയ്യാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നീ ആരോഗ്യ സ്ഥാപനങ്ങളിലാണ് ജീവിത ശൈലീരോഗങ്ങൾക്കുള്ള മരുന്നുകൾ എത്തിച്ചിട്ടുള്ളത്. ഇതിനുപുറമേ ജനറൽ ഇൻഡന്റ് വഴി ഹൈപ്പർ ടെൻഷൻ മരുന്നുകൾ കേരളത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാണ്. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതി (എൻ.ആർ.എച്ച്.എം), ആരോഗ്യ വകുപ്പ് , കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (കെ.എം.എസ്.സി.എൽ) എന്നീ മൂന്ന് വകുപ്പുകളാണ് മരുന്ന് വിതരണവുമായി ബന്ധപ്പെട്ടിരിക്കുന്നത്. |

[2..]

(ഡി) എത്ര ലക്ഷം പേർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) 2012 ഏപ്രിൽ മാസം മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 17 ലക്ഷത്തിൽപ്പരം രോഗികളെ സ്ക്രീൻ ചെയ്ത് 143198 പേർക്ക് പ്രമേഹവും, 174000 പേർക്ക് രക്താതി സമ്മർദ്ദവും, 93183 – ന് മേൽ ആൾക്കാർക്ക് പ്രമേഹവും, രക്താതി സമ്മർദ്ദവും ഒരുമിച്ചുള്ളതായും കണ്ടുപിടിക്കപ്പെട്ടു. ഇതിൽ ചികിത്സ വേണ്ട എല്ലാ രോഗികൾക്കും, സ്ഥിരമായി ചികിത്സയ്ക്ക് എത്തുന്ന മറ്റ് പ്രമേഹ രോഗികൾക്കും മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. ഇതിന് എ.പി.എൽ / ബി.പി.എൽ വേർതിരിവോ, മറ്റ് ഏതെങ്കിലും മാനദണ്ഡങ്ങൾ പ്രകാരമുള്ള നിയന്ത്രണങ്ങളോ നിലവിൽ ഇല്ല.

സെക്ഷൻ ഓഫീസർ